18035
16/8/14

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - അന്തിക്കാട് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിലെ അഴിമതിയും ക്രമക്കേടുകളും - കുറ്റാരോപിതരായ പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരായ അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2744/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 07.08.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.10.2014-ലെ ഇ 8 (ക്യുവി 60/13/തൃശ്ശൂർ) 28110/13 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 01.12.2014-ലെ 14021/ഡി3/14/വിജി നമ്പർ കത്ത്
3. 20.04.2015-ലെ 82136/ഇപിബി3/14/തസ്വഭവ നമ്പർ കുറ്റപത്രം
4. അന്തിക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. കെ.എസ്. സുനിൽകുമാർ 17.06.2015-ലും ശ്രീ. വേണുഗോപാലൻ 24.06.2015-ലും സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 11.03.2016-ലെ ഡി7-9915/15 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. അന്തിക്കാട് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം കരാർ പ്രകാരമുള്ള ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല എന്ന വിജിലൻസ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. കെ.എസ്. സുനിൽകുമാർ, ശ്രീ. കെ. വേണുഗോപാലൻ എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. കെ. വേണുഗോപാലൻ, ശ്രീ. കെ.എസ്. സുനിൽകുമാർ എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണത്തിന് 10.09.2009-ലാണ് ഡിപിസി അംഗീകാരം ലഭിച്ചതെന്നും, കമ്മ്യൂണിറ്റി ഹാൾ പൊളിച്ചുകളയുന്നതിന് 03.04.2009-ലെ 19136/ഡിബി2/09/തസ്വഭവ പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെന്നും, 2008-09 വർഷം 55/09 നമ്പറായി അന്തിക്കാട് ടൗൺഹാൾ കം ഷോപ്പിംഗ് കോംപ്ലക്സിന് തനതു ഫണ്ട് 25,000/- രൂപ അടങ്കലുള്ള പ്രോജക്ടിനാണ് ഡിപിസി അംഗീകാരം നൽകിയിരുന്നതെന്നും, വീണ്ടും 2009-10 വർഷം അടങ്കൽ 70 ലക്ഷമാക്കി ഉയർത്തി അംഗീകാരം വാങ്ങിക്കുകയും തുടർന്ന് 2010-11 തുടർപദ്ധതിയ്ക്കായി അംഗീകാരം നേടിയെന്നും, ഈ വിഷയത്തിൽ നിർമ്മാണം പഞ്ചായത്തിന്

കനത്ത സാമ്പത്തിക ബാധ്യതയുണ്ടാക്കും എന്ന് ചൂണ്ടിക്കാട്ടി 17.08.2010-ന് അന്നത്തെ സെക്രട്ടറി ശ്രീമതി. വിജയലക്ഷ്മി ഭരണസമിതിയ്ക്ക് വിശദമായ വിയോജന കുറിപ്പ് നൽകിയിട്ടുണ്ടായിരുന്നുവെന്നും ആയത് അവഗണിച്ചാണ് പഞ്ചായത്ത് പദ്ധതിയുമായി മുന്നോട്ടു പോയതെന്നും 13.08.2010-ൽ പഞ്ചായത്ത് സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാർ ഒപ്പിടുകയും 20.04.2011-ന് തദ്ദേശഭരണ അസിസ്റ്റന്റ് എഞ്ചിനീയർ, അന്തിക്കാട് 10,00,000/- രൂപ നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ് നൽകിയെന്നും തുടർന്ന് തൃശ്ശൂർ നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിൽ വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും, ഏകദേശം 5 മാസം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തതിന് സെക്രട്ടറി നിർമ്മിതി കേന്ദ്രത്തിന് കത്ത് നൽകുകയും തുടർന്ന് 10.06.2012-ന് 10 ലക്ഷം രൂപയുടെ പണി പൂർത്തീകരിച്ചതായി കാണിച്ച് നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ സ്റ്റേജ് സർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് നൽകിയെന്നും തുടർന്ന് കെട്ടിടം നേരിട്ട് പരിശോധിച്ചതിൽ നിർമ്മാണത്തിൽ അപാകതയുള്ളതായി കാണുന്നതായും ടി പ്രവൃത്തി സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തുവാനും റിപ്പോർട്ട് ലഭ്യമാകുംവരെ പ്രവൃത്തി നിർത്തി വയ്ക്കാനും അന്വേഷണം നടത്തുന്നതിന് തദ്ദേശഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂരിനോട് അപേക്ഷിക്കുന്നതിന് തീരുമാനമെടുക്കുകയുമുണ്ടായി. 30.01.2013-ന് തദ്ദേശഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടത്തിന് കാര്യമായ ബലക്ഷയം ഇല്ലെന്നും നിർമ്മാണം പൂർത്തിയാക്കി ഉപയോഗപ്രദമാക്കുന്നതാകും അഭികാമ്യം എന്നു കാണിച്ച് പൊതുമരാമത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയർ, തൃശ്ശൂരിന് കത്ത് നൽകുകയുമുണ്ടായി.

കേരള സ്റ്റേറ്റ് നിർമ്മിതി സംസ്ഥാന സർക്കാരിന്റെ തന്നെ ഏജൻസി ആയതിനാലും കേസിന് പോകുന്നതിനേക്കാൾ ഉചിതമായത് നിർമ്മിതി കേന്ദ്രയെക്കൊണ്ട് തന്നെ പ്രവർത്തി പൂർത്തീകരിപ്പിക്കുവാൻ ശ്രമിക്കുന്നതാണ് നല്ലതെന്ന ഉപദേശം കിട്ടിയതിനാലും കമ്മിറ്റ് അങ്ങനെ വിലയിരുത്തിയ സാഹചര്യത്തിലും നിലവിൽ പ്ലാനിൽ മാറ്റം വരുത്തി നിർമ്മിക്കേണ്ടി വരുമെന്ന സ്ഥിതിയും പരിഗണിച്ച് പഞ്ചായത്ത് കേസിലേക്കു പോയാൽ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായി തീരുമെന്ന സാഹചര്യംകൂടി കണക്കിലെടുത്താണ് പഞ്ചായത്ത് സെക്രട്ടറി മറ്റു നിയമനടപടികൾ സ്വീകരിക്കാതിരുന്നത്.

ശ്രീ. കെ.എസ്. സുനിൽകുമാർ 03.12.2011 മുതൽ 02.11.2012 വരെയാണ് അന്തിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്നത്. ടിയാന്റെ കാലയളവിലല്ല പഞ്ചായത്ത് കരാർ ഒപ്പിട്ടതും ആദ്യ ഗഡു സംഖ്യ നിർമ്മിതി കേന്ദ്രയ്ക്കു നൽകിയതും. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ടിയാൻ തദ്ദേശഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നടപടിയ്ക്കായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്ന സമയത്ത് ടിയാൻ അന്തിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്നില്ല.

ശ്രീ. കെ. വേണുഗോപാൽ 02.11.2012 മുതൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയാണ്. സർക്കാർ ആവശ്യപ്പെട്ടപ്രകാരം നിർമ്മിതി കേന്ദ്രയുടെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദാക്കി നിയമനടപടികൾക്ക് പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും നിർമ്മിതി കേന്ദ്രയ്ക്ക് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിർമ്മാണം പൂർത്തീകരിച്ച ഭാഗം ഉപയോഗപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ 51/16 നമ്പർ തുടർപദ്ധതിയ്ക്കായി 55,21,729/- രൂപ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ സെക്രട്ടറിമാരായ ശ്രീ. കെ.എസ്. സുനിൽകുമാറും, ശ്രീ. വേണുഗോപാലും സെക്രട്ടറി എന്ന നിലയിൽ നിർവ്വഹിക്കേണ്ട ചുമതലകളിൽ മന:പൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ മുൻ അന്തിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. കെ.എസ്. സുനിൽകുമാറും, ശ്രീ. വേണുഗോപാലും സെക്രട്ടറി എന്ന നിലയിൽ നിർവ്വഹിക്കേണ്ട ചുമതലകളിൽ മന:പൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. കെ.എസ്. സുനിൽകുമാർ, മുൻ സെക്രട്ടറി, അന്തിക്കാട് ഗ്രാമപഞ്ചായത്ത്
2. ശ്രീ. വേണുഗോപാലൻ, മുൻ സെക്രട്ടറി, അന്തിക്കാട് ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (ഫയൽ നം.14021/ഡി3/2014/വിജി.)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.82136/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ